**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1301** **07-02-2023 - ൽ മറുപടിയ്ക്ക്**

**റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് സൗകര്യം മെച്ചപ്പെടുത്തി പൊതുവികസനം ത്വരിതപ്പെടുത്തുന്നതിന് ഈ സർക്കാരും കഴിഞ്ഞ സർക്കാരും മുൻകൈയ്യെടുത്ത് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; ദേശീയപാതാ വികസന കാര്യത്തിൽ സംസ്ഥാനത്തിന്റെ ഇടപെടലിനെ കേന്ദ്ര ഗതാഗത വകുപ്പുമന്ത്രി ശ്ലാഘിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ റോഡ് സൗകര്യം മെച്ചപ്പെടുത്തി പൊതു വികസനം ത്വരിതപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും നിരവധി വികസന പദ്ധതികൾ, ബഡ്ജറ്റ് പദ്ധതികൾ മുഖേനയും, കിഫ്ബി ഫണ്ട് മുഖേനയും നബാർഡ് പദ്ധതികൾ മുഖേനയും നടപ്പിലാക്കി.<br><br>ദീർഘകാലം ഈട് നിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകി വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ്, വാം മിക്സ്, കോൾഡ് മിക്സ്, അസ്ഫാൽറ്റ് ടെക്നിക് എന്നിവയുൾപ്പെടെയുള്ള ആധുനിക നിർമ്മാണ സാങ്കേതിക വിദ്യകൾ നടപ്പിലാക്കിയും പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകി കൊണ്ട് കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ, ഗാബിയോൺ റീട്ടെയിനിംഗ് വാൾ എന്നിവയും ഉപയോഗിക്കുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും 2026-ഓടു കൂടി ബി.എം&ബി.സി നിലവാരത്തിലാക്കുവാൻ ലക്ഷ്യമിടുന്നു.<br><br>റോഡ് ജ്യാമിതീയത്തിലെ പോരായ്മകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ റോഡുകളുടെ നവീകരണം, റോഡ് സംരക്ഷണ ഉപാധികൾ, ബ്ലാക്ക് സ്പോട്ടുകൾ ഇല്ലാതാക്കൽ എന്നിവ ഏറ്റെടുത്ത് റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കി വരുന്നു. |

ദേശീയപാതാ വിഭാഗത്തിന് കീഴിൽ കേരളത്തിൽ കൂടി കടന്ന് പോകുന്ന 1781 കിമി നീളമുള്ള 11 ദേശീയപാതകളിൽ 548 കി മി നീളം റോഡുകളുടെ അറ്റകുറ്റ പണികൾ പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗമാണ് നടത്തിവരുന്നത്. സംസ്ഥാന സർക്കാരിന്റെ പിന്തുണയും കാര്യക്ഷമവുമായ ഇടപെടൽ മൂലവും ദേശീയ പാത 66 ന്റെ എല്ലാ സ്ട്രെച്ചുകളിലും കരാറുകൾ നല്കി, പ്രവൃത്തികൾ പുരോഗതിയിലാണ്. ദേശീയപാതാ പ്രവൃത്തിയിൽ സംസ്ഥാനത്തിന്റെ ഇടപെടലിനെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി ശ്ലാഘിക്കുകയുണ്ടായി. കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, വൈറ്റില ഫ്ലൈഓവർ, കുണ്ടന്നൂർ ഫ്ലൈഓവർ, പ്രാവച്ചമ്പലം മുതൽ കോടിനട വരെയുള്ള ദേശീയപാതയുടെ വികസനം എന്നിവ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയായവയാണ്

തിരുവനന്തപുരം നഗരത്തിലെ തിരക്ക് നിയന്ത്രിയ്ക്കാനും തലസ്ഥാന വികസനത്തിനുമായി ഔട്ടർ റിംഗ് റോഡ് പദ്ധതിയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ട് ടി പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കേരളത്തിലെ പോർട്ടുകളെ നവീകരിക്കുന്നതിനും അവയെ പ്രധാന നിരത്തുകളുമായി ബന്ധിപ്പിക്കുവാനുമായി 11 പോർട്ട് കണക്ടിവിറ്റി പദ്ധതികളും NHAI മുഖേന DPR പഠനം പുരോഗമിച്ച് വരുകയാണ്. കേന്ദ്ര സർക്കാരുമായുള്ള ഉടമ്പടി പ്രകാരം ഭൂമി ഏറ്റെടുക്കലിനുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. എൻ എച്ച് - 85 ൽ 42.28 കി.മീ നീളത്തിലും എൻ.എച്ച്- 966ൽ 46.7 കി.മീ നീളത്തിലും നടപ്പാതയോടുകൂടി 2 വരി പാതയായി വികസിപ്പിക്കുന്ന നവീകരണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

ദേശീയപാത 183, 185, 183A, 766 എന്നിവയിൽ നടപ്പാതയോട് കൂടി 2 വരിപാതയായി വികസിപ്പിക്കുന്നതിനുള്ള 7 പ്രവൃത്തികളുടെ DPR തയ്യാറാക്കൽ പുരോഗതിയിലാണ്.

സംസ്ഥാനത്തെ റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച പദ്ധതിയാണ് ഔട്ട്പുട്ട് ആന്റ് പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് (ഒ.പി.ബി.ആർ.സി). ഇതിൻ പ്രകാരം, തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ പരിപാലനം 7 വർഷത്തേയ്ക്ക് ഒരു കരാറുകാരനെ ഏല്പിക്കുന്നു. ഇതു

| | | | |
|---|---|---|---|
| | | | കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റണ്ണിംഗ് കോൺട്രാക്റ്റ് എന്ന നൂതന കരാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ ഒരു വർഷത്തെ പരിപാലനം ഒരു കരാറുകാരനെ ഏല്പിക്കുന്നു. തന്മൂലം റോഡുകൾ ഗതാഗതയോഗ്യമാക്കി നിലനിർത്താൻ സാധിക്കുന്നുണ്ട്.<br><br>CRIF (സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്) ഉപയോഗിച്ച് സംസ്ഥാന പാതകളെ നവീകരിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.<br><br><u>കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം 1 (എ)</u><br><br>**നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ ഘട്ടം 1(എ) -ൽ 22.251 കി.മീ നീളത്തിലുള്ള 6 റോഡുകളുടെ വികസനം നടപ്പിലാക്കി.**<br><br><u>കണ്ണൂർ നഗരപാതാ വികസന പദ്ധതി</u><br><br>**പ്രസ്തുത പദ്ധതി പ്രകാരം ആകെ 11 കോറിഡോറുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**<br><br><u>കോഴിക്കോട് നഗരപാത വികസന പദ്ധതി- ചെറുവണ്ണൂർ അരീക്കോട് മേൽപ്പാലങ്ങൾ</u><br><br>**കോഴിക്കോട് നഗരവികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുതി നല്കി.**<br><br><u>കൊല്ലം നഗരപാത വികസന പദ്ധതി</u><br><br>**കൊല്ലം നഗരപാത വികസന പദ്ധതി നടപ്പാക്കുന്നതിന് 365.34 കോടി രൂപയുടെ ഇൻ പ്രിൻസിപ്പിൾ ഭരണാനുമതി നല്കുകയുണ്ടായി.** |
| (ബി) | എൻ.എച്ച്. 66-ന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയിൽ ഒരു ഭാഗം സംസ്ഥാനം വഹിക്കാനിടയാക്കിയ സാഹചര്യം എന്തായിരുന്നു; ഇത്തരത്തിൽ മറ്റു പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഒരു പങ്ക് സംസ്ഥാനം വഹിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ദേശീയപാത 66 നെ 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി സ്ഥലമേറ്റെടുക്കൽ പ്രശ്നങ്ങളാൽ മുടങ്ങിക്കിടക്കുകയായിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് പ്രവൃത്തി ത്വരിതപ്പെടുത്താനായി സർക്കാർ ഇടപെടുകയും ബഹു.മുഖ്യമന്ത്രി, കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയവുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ |

| | | | |
|---|---|---|---|
| | | | വേഗത്തിലാക്കാൻ പ്രസ്തുത തുകയുടെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ട്. |
| (സി) | തലസ്ഥാന ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്ന വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന് വേണ്ട ഭൂമി ഏറ്റെടുക്കൽ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; ഈ പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കലിന് സംസ്ഥാനം വിഹിതം നൽകേണ്ടതായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ 3എ ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 3D സർവ്വേ വർക്ക് നടന്നു കൊണ്ടിരിക്കുകയാണ്. കൂടാതെ **50%** ലാൻഡ് അക്വിസിഷൻ കോസ്റ്റ്, കേരള ഗവൺമെന്റ് മൊത്തം GST & Royalty ഒഴിവാക്കിയും ഏറ്റെടുക്കണം എന്ന വ്യവസ്ഥയിൽ ടി പ്രവൃത്തികൾ ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ